# അരികുവൽക്കരിക്കപ്പെട്ട ഭാഷകളുടെ ഭാഷാസൂത്രണം

**ജോസഫ് കെ ജോബ്**
അസ്സോസിയേറ്റ് പ്രൊഫസ്സർ, മേരിമാതാ ആർട്സ് ആൻഡ് സയൻസ് കോളേജ്,
മാനന്തവാടി

## പ്രബന്ധസംഗ്രഹം

കേരളത്തിന്റെ ഭൂപരിധിയിൽ വരുന്ന ആദിവാസിഭാഷകളെ ഭാഷാമരണത്തിൽനിന്നും വംശനാശ ഭീഷണിയിൽനിന്നും രക്ഷപെടുത്തുക എന്നത് അടിയന്തരശ്രദ്ധ പതിയേണ്ട ഭാഷാവിഷയമാണ്. ഔപചാരികമായി സംസ്ഥാനസർക്കാരും അനൗപചാരികമായി ഗവേഷകരും ചെയ്യേണ്ടതാണ് ഇക്കാര്യം. വിശാലാർത്ഥത്തിൽ ഭാഷാവൈവിധ്യത്തെ അംഗീകരിക്കുമ്പോൾ മാത്രമേ ഇത് സാധിക്കുകയുള്ളൂ. അതിലൂടെ ആദിവാസിമേഖലയിലെ പൗരരുടെ അവകാശങ്ങളിൽ ഒന്ന് സ്ഥാപിച്ചു കിട്ടുകയാണ് ചെയ്യുന്നത്. ആദിവാസി/ന്യൂനപക്ഷഭാഷകളുടെ മാനകീകരണം, ആദിവാസിഭാഷകളിൽക്കൂടിയുള്ള വിദ്യാഭ്യാസം, മീഡിയ, ഭരണനിർവഹണത്തിലുള്ള പങ്കാളിത്തം എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ഭാഷാസൂത്രണത്തിലൂടെയാണ് ഇത് സാധിച്ചെടുക്കേണ്ടത്.

**താക്കോൽവാക്കുകൾ:** ഗോത്രഭാഷകൾ, വംശനാശഭീഷണി, ഭാഷാമരണം, ഭാഷാഹത്യ, ന്യൂനപക്ഷഭാഷകൾ, ഭാഷാപരിസ്ഥിതി, ഏകഭാഷാസമീപനവും ബഹുഭാഷാസമീപനവും, ഭാഷയുടെ ഉയിരും നാശോന്മുഖതയും, ഭാഷാസ്ഥിതിയുടെ ആസൂത്രണം (സ്റ്റാറ്റസ് പ്ലാനിംഗ്) ഭാഷാന്തരിക ആസൂത്രണം (കോർപ്പസ് പ്ലാനിങ്), ഭാഷാർജ്ജനാസൂത്രണം, മനോഭാവാസൂത്രണം, സ്വരൂപപഠനം, വർഗ്ഗീകരണവും കുടുംബവൃക്ഷപരികല്പനയും.

വ്യത്യസ്തഭാഷകൾ പരസ്പരം കൊണ്ടും കൊടുത്തും സഹവർത്തിക്കുന്ന ഒരു ബഹുഭാഷാസാഹചര്യമാണ് നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിൽക്കുന്നത്. ഭാഷകരുടെ എണ്ണംകൊണ്ടും വിവരസഞ്ചയം കൊണ്ടും ദീർഘകാലചരിത്രംകൊണ്ടും ഭരിക്കുന്നവരുടെ അനുഗ്രഹാശിസ്സുകൾ കൊണ്ടും പ്രബലമായിത്തീർന്ന് അധികാരവും പദവികളുമാർജ്ജിച്ച് മുന്നേറുന്ന മുഖ്യധാരാഭാഷകൾ മുതൽ ഭരണകൂടങ്ങളുടെ നിരന്തരമായ അധിനിവേശതന്ത്രങ്ങളും അവഗണനകളുംകൊണ്ട് പരുങ്ങലിലായിപ്പോയ ദുർബലഭാഷകളും വംശനാശം വന്നുപോയ ഭാഷകളും വരെ ഈ രാജ്യത്തുണ്ട്. ഭരണകൂടത്തിന്റെയും ഭരണാധികാരികളുടെയും നയരൂപീകരണം നടത്തുന്നവരുടെയും ഭാഷാസമീപനങ്ങളിൽ ഒട്ടേറെ വൈരുദ്ധ്യങ്ങളുണ്ട് എന്നതാണ് ഇതു വ്യക്തമാക്കുന്നത്. ഭാഷകളോട് പല കാലങ്ങളിൽ പലതരം സമീപനങ്ങളാണ് പലരും വച്ചു പുലർത്തിയിട്ടുള്ളത്.

സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായ പാർശ്വവൽക്കരണം, ദേശരാഷ്ട്രങ്ങളുടെ ആവിർഭാവത്തോടെ ഭാഷകളുടെ മേലെയുള്ള രാഷ്ട്രീയാധിപത്യം, ആഗോളീകരണം, നഗരവൽക്കരണം, ദാരിദ്ര്യം, യുദ്ധങ്ങൾ, വംശഹത്യകൾ, രോഗങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നിവയൊക്കെ ഭാഷയുടെ/ഭാഷകളുടെ വംശനാശത്തിന് കാരണമാകുന്നുണ്ട്. ഇതിൽ ദേശരാഷ്ട്രങ്ങളുടെ രാഷ്ട്രീയാധിപത്യം കൊണ്ട് ഭാഷകളിൽ ചിലതിന് ദേശഭാഷകൾ, ഔദ്യോഗികഭാഷകൾ, സംസ്ഥാനഭാഷകൾ എന്നൊക്കെയുള്ള രീതിയിൽ പട്ടികകളിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക പരിഗണനകൾ ലഭിച്ചിട്ടുണ്ട്. അതേസമയം ഭരണകൂടങ്ങളുടെ വികലമായ കാനേഷുമാരി കണക്കുകളിലൂടെ ചില ഭാഷകൾ മരണാസന്നമായി കിടക്കുന്നതും നമുക്ക് കാണേണ്ടി വന്നിട്ടുണ്ട്. 1961-ലെ സെൻസസ് പ്രകാരം 1652 ഭാഷകൾ ഇന്ത്യയിലുണ്ടെന്ന് കണക്കുകൂട്ടിയിടത്തുനിന്നാണ് 2011-ലെ കണക്കുപ്രകാരം ഇന്ത്യയിൽ 462 ഭാഷകളേയുള്ളൂ എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ മാറിമറിഞ്ഞത്. യഥാർത്ഥത്തിൽ ഭാഷകളുടെ മരണമല്ല ഇവിടെ സംഭവിച്ചത്. മറിച്ച് ഭരണകൂടത്തിന്റെ മനപ്പൂർവമായ ഭാഷാഹത്യയാണ്. ഇന്ത്യയിൽ കണക്കിൽപ്പെടുത്തിയ ഭാഷകളെക്കാൾ എത്രയോ ഇരട്ടി കണക്കിൽപ്പെടാത്ത ഭാഷകളുണ്ട് എന്നതാണ് വാസ്തവം. 1961-ലെ കണക്കുകളനുസരിച്ച് 340-ലധികം ആദിവാസിഭാഷകൾ ഇന്ത്യയിലുണ്ടായിരുന്നു. ഇന്ത്യയിലെ 285 താലൂക്കുകളിൽ ആകെ ജനസംഖ്യയുടെ 50 ശതമാനത്തിലധികം ആദിവാസികളാണെന്നിരിക്കിലും ഭരണഘടനയുടെ എട്ടാമത് പട്ടികയിൽ ഒരു ആദിവാസിഭാഷയ്ക്കുപോലും സ്ഥാനം കിട്ടിയിട്ടില്ല

എന്നുള്ളത് നിർഭാഗ്യകരം തന്നെയെന്ന് എൻ. രാജേന്ദ്രൻ (2006: 79) പറയുന്നുണ്ട്. ആകെ ജനസംഖ്യയുടെ 83 ശതമാനത്തിലധികം ആദിവാസി ജനസംഖ്യയുള്ള നാഗലാൻഡിൽ പോലും ഇംഗ്ലീഷാണ് ഔദ്യോഗികഭാഷ എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

## ഗോത്രമൊഴികൾ: ഭാഷയോ ഭാഷാഭേദമോ?

കേരളത്തിന്റെ ഭൂപരിധിയിൽ വരുന്ന ആദിവാസിമൊഴികൾ ഓരോന്നിനെക്കുറിച്ചും സമഗ്രവും വിശദവുമായ പഠനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയാനാവില്ല. പരിമിതമായ തോതിലാണെങ്കിലും, കേരളത്തിൽ നടന്നിട്ടുള്ള ആദിവാസി ഭാഷാപഠനത്തെക്കുറിച്ച് ഒരു സംക്ഷിപ്ത വിവരണം എം ശ്രീനാഥൻ (2020: 345-360) നൽകുന്നുണ്ട്. എസ് ഭട്ടാചാര്യയും സോമശേഖരൻ നായരുമാണ് കേരളത്തിലെ ആദിവാസിഭാഷകളെ താൽപര്യത്തോടെ നിരീക്ഷിക്കാനും ദ്രാവിഡത്തിന്റെ ഉപഗോത്രത്തിലുൾപ്പെടുത്തി വർഗ്ഗീകരിക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചത്. ആ ശ്രമങ്ങൾ വേണ്ടതുപോലെ ഫലപ്രാപ്തിയിലെത്തുകയോ അവയ്ക്ക് ലോകാംഗീകാരം ലഭിക്കുയോ ചെയ്തിട്ടുണ്ടെന്ന് പറയുക വയ്യ. കേരളത്തിലെ ആദിവാസിമൊഴികളെ സോമശേഖരൻ നായർ ഏഴായിട്ടാണ് തരംതിരിക്കുന്നത്:

1. മലയാള ഭാഷാസവിശേഷതകൾ മുന്തിനിൽക്കുന്നവ
2. തമിഴ് ഭാഷാസവിശേഷതകൾ മുന്തിനിൽക്കുന്നവ
3. കന്നട ഭാഷാ സവിശേഷതകൾ നിലനിർത്തുന്നവ
4. തുളു ഭാഷാബന്ധമുള്ളവ
5. മലയാളഭാഷയായി പരിണമിച്ചവ
6. തമിഴ് - മലയാള ഭാഷാംശം മുന്തിനിൽക്കുന്നവ
7. സ്വതന്ത്രഭാഷയായി കണക്കാക്കാവുന്നവ

മുഖ്യധാരാഭാഷകളുടെ അടിസ്ഥാനത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭാഷാസമൂഹങ്ങളുടെ ഭാഷകളെ വിലയിരുത്തുന്ന ഒരു വിചാരമാതൃകയിൽ നിന്നുകൊണ്ടാണ് സോമശേഖരൻ നായർ ഇത്തരമൊരു വർഗീകരണം നടത്തുന്നത്. ഇന്ന് ആലോചിക്കുമ്പോൾ അത് യുക്തിഭദ്രമല്ലെന്ന് വ്യക്തമാകും. ഈ രീതിയിലുള്ള വർഗ്ഗീകരണത്തിൽ രണ്ട് പ്രശ്നങ്ങളുണ്ട്: ദ്രാവിഡത്തിലെ പ്രബലഭാഷകളുടെ ഭാഷാപ്രത്യേകതകൾ ഗോത്രഭാഷകളിൽ ചിലതിൽ മുന്നിട്ടുനിൽക്കുന്നു എന്നാണിതിൽ പറയുന്നത്. ദ്രാവിഡഭാഷകളുടെ ചില സ്വഭാവങ്ങൾ ഈ ആദിവാസിമൊഴികളിൽ പ്രകടമാണെന്നതിനെ പ്രബലഭാഷകളുടെ ഭാഷാപ്രത്യേകതകൾ മുന്നിട്ടുനിൽക്കുന്നു എന്ന് വ്യാഖ്യാനിക്കുന്നത്

ഭാഷകളെക്കുറിച്ചുള്ള മേലാള-കീഴാളവിചാരം കൊണ്ടാണെന്നു മാത്രമേ പറയാനാവൂ. ഏതെങ്കിലും ഒരു ഗോത്രമൊഴിയുടെ പ്രത്യേകതകൾ മലയാളത്തിൽ മുന്തിനിൽക്കുന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ ആ വാദം അംഗീകരിക്കപ്പെടുമോ എന്നാലോചിച്ചാൽ മനസിലാക്കാവുന്നതേയുള്ളൂ ഇക്കാര്യം. സമ്പർക്കവുമായി ബന്ധപ്പെട്ടുള്ളതാണ് രണ്ടാമത്തെ വിഷയം. ഗോത്രഭാഷകളിൽ കാണുന്ന മുഖ്യധാരാഭാഷകളുടെ സ്വാധീനം ആ ഭാഷകൾ സംസാരിക്കുന്നവർ തമ്മിലുള്ള സമ്പർക്കംകൊണ്ട് സംഭവിച്ചതാണോ അതോ ദ്രാവിഡഭാഷകളുടെ പ്രാചീനഗുണങ്ങൾ ഗോത്രഭാഷകൾ നിലനിർത്തുന്നതാണോ എന്ന കാര്യം സംശയാസ്പദമാണ്. ആദിവാസിഭാഷകളെപ്പറ്റി കാര്യമായ പഠനങ്ങളൊന്നും നടക്കാതിരുന്ന കാലത്ത് നടത്തിയ ഇത്തരം വർഗ്ഗീകരണങ്ങൾക്കപ്പുറത്തേയ്ക്ക് കേരളത്തിലെ ആദിവാസിഭാഷാപഠനം ഒട്ടും വളർന്നിട്ടില്ല എന്നു തന്നെ പറയാൻ കഴിയും.

നിരവധി ഭാഷാഭേദങ്ങളുടെ സംഘാതാമായിരിക്കും ഏതൊരു ഭാഷയും. തൃശ്ശൂരോ കാസർഗോഡോ ലക്ഷദ്വീപിലോ സംസാരിക്കപ്പെടുന്ന മലയാളത്തിന്റെ ഭാഷാഭേദങ്ങൾ തമ്മിൽ പരസ്പരഗ്രഹണക്ഷമത (Mutual intelligibility) നിലനിൽക്കുന്നതുകൊണ്ടാണ് അവയെയെല്ലാം മലയാളത്തിന്റെ ഭാഷാഭേദങ്ങളായി പരിഗണിക്കുന്നത്. ഈ പരസ്പരഗ്രഹണക്ഷമത കുറയുമ്പോൾ അവയെ വ്യത്യസ്തഭാഷകളായി പരിഗണിക്കുകയും ചെയ്യും. മലയാളത്തിന്റെ ഏതെങ്കിലുമൊരു ഭാഷാഭേദത്തിൽ സംസാരിക്കുന്നവർക്ക് മറ്റൊരു ഭാഷാഭേദം മനസിലാകുന്നുണ്ടെങ്കിൽ ആ രണ്ടു ഭാഷാഭേദങ്ങളെയും മലയാളമായി പരിഗണിക്കാം. അങ്ങനെയാണ് ഇതുവരെ സങ്കല്പിച്ചിട്ടുള്ളതും. ഇതുവച്ച് കേരളത്തിന്റെ ഭൂപരിധിക്കുള്ളിൽ താമസിക്കുന്ന പണിയ വിഭാഗക്കാരുടെയും അടിയവിഭാഗക്കാരുടെയും ഭാഷയ്ക്ക് മലയാളവുമായി പരസ്പരഗ്രഹണക്ഷമതയുണ്ടോയെന്നു പരിശോധിക്കുകയാണെങ്കിൽ അത് തീരെ കുറവാണെന്ന് എളുപ്പത്തിൽ വ്യക്തമാകും. പണിയവിഭാഗക്കാർ സംസാരിക്കുന്ന പണിയഭാഷയോ അടിയവിഭാഗക്കാർ സംസാരിക്കുന്ന റാവുള ഭാഷയോ മനസിലാക്കാൻ മലയാളത്തിലെ ഭാഷാഭേദങ്ങളിൽ ഏതെങ്കിലുമൊന്ന് സംസാരിക്കുന്നവർക്ക് സാധിക്കുകയില്ല. ഗിരിവർഗ്ഗഭാഷകളുടെ സ്ഥിതി എല്ലായിടത്തും ഇതാണെന്നു വിചാരിക്കുകയും ചെയ്യരുത്. ചില ഗോത്രമൊഴിഭേദങ്ങളും മലയാളവും തമ്മിൽ നല്ല പരസ്പരഗ്രഹണക്ഷമതയുണ്ട് എന്നതും നാം പരിഗണിക്കേണ്ടതുണ്ട്. വയനാട്ടിലെ തന്നെ കുറിച്യവിഭാഗക്കാർ സംസാരിക്കുന്ന ഭാഷാഭേദത്തിന്റെ കാര്യമെടുക്കാം:

മലബാറിലെ, പ്രത്യേകിച്ച്, കണ്ണൂർ -കോഴിക്കോട് പ്രദേശങ്ങളിലെ മലയാളത്തിന്റെ ചില പ്രാദേശിക ഭാഷാഭേദങ്ങളോട് വളരെ അടുപ്പമുള്ള ഒരു ഭാഷാഭേദമാണ് കുറിച്യഭാഷാഭേദം. മലയാളഭാഷ കേട്ടാൽ മനസ്സിലാകുന്ന ആർക്കും കുറച്ചൊന്ന് ശ്രദ്ധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ ഈ മൊഴിഭേദം. അതേനിലവാരത്തിൽ പണിയ, റാവുള, കാട്ടുനായ്ക്ക, ഊരാളികുറുമ ഭാഷകളെ വിലയിരുത്താൻ തുടങ്ങിയാൽ കാര്യങ്ങൾ കുഴപ്പത്തിലാകും. ഈ ഭാഷകൾക്കൊക്കെ മലയാളവുമായി പരസ്പരഗ്രഹണക്ഷമത വളരെ കുറവാണ്. കേരളത്തിലെ ആദിവാസിഭാഷകളെയെല്ലാം പരസ്പരഗ്രഹണക്ഷമതയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും മലയാളവുമായി ആ ഭാഷകൾക്കുള്ള അടുപ്പം/അകലം വിലയിരുത്തപ്പെടുകയും ചെയ്യുകയെന്നത് അടിയന്തരപ്രാധാന്യമുള്ള ഒരു വിഷയമാണ്.

## സ്വരൂപപഠനത്തിന്റെ അനിവാര്യത

ഒരു ഭാഷ പ്രത്യേക ഭാഷയാണോ മറ്റേതെങ്കിലും ഭാഷയുടെ ഭാഷാഭേദമാണോ എന്നു നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങൾ ഭാഷാശാസ്ത്രജ്ഞർ മുമ്പേ തന്നെ കണ്ടെത്തിയിട്ടുണ്ട്. ഘടനാപരമായ പ്രത്യേകതകൾക്കാണ് ഇതിൽ മുൻതൂക്കം ലഭിക്കുന്നത്. ഈ മാനദണ്ഡങ്ങളൊന്നും വികസിതമായ ഭാഷകളുടെ ഭാഷാപദവിക്ക് വിഘാതം സൃഷ്ടിക്കാറില്ല എന്നുമാത്രം. അവിടെ രാഷ്ട്രീയമോ മതപരമോ ആയ കാര്യങ്ങൾ മാത്രം മതി രണ്ടു ഭാഷകൾ വിഭിന്നമെന്നു തീരുമാനിക്കാൻ. ഘടനാപരമായി വലിയ വ്യത്യാസങ്ങളില്ലാത്ത ഹിന്ദിയും ഉറുദുവും പഞ്ചാബിയും വെവ്വേറെ ഭാഷയാകുന്നതിന് മതമോ രാഷ്ട്രീയമോ ആണ് കാരണം. 1961 ലെ സെൻസസിൽ ഹിന്ദി സംസാരിക്കുന്നവരുടെ എണ്ണം 29.65 ശതമാനമായിപ്പോയതിൽ പരിതപിച്ച് ഉത്തരേന്ത്യയിലെ ഭാഷകളെ പുനർവർഗ്ഗീകരിച്ച് ഹിന്ദിയുടെ സ്ഥാനമുയർത്തേണ്ടി വന്നതും ഇതിന്റെ ഒരു മറുപുറമാണ്. 10,000 ലധികം ഭാഷകരുണ്ടായിരുന്ന ബംജാരി, ബോജ്പുരി, ഗോഗ്രി, കുമൗനി, ലംബാഡി തുടങ്ങിയ അൻപതിലധികം ഭാഷകൾ ഹിന്ദിയുടെ കണക്കിൽ എഴുതി ചേർക്കപ്പെട്ടു. ഇവിടെ പറഞ്ഞു വരുന്നതിതാണ്: ഘടനയുടെ അടിസ്ഥാനത്തിലാണ് ഭാഷകളെ ഒന്നായിട്ടോ പലതായിട്ടോ വർഗ്ഗീകരിക്കേണ്ടതെങ്കിലും അതിനെക്കാൾ, ഭാഷാബാഹ്യമായ കാര്യങ്ങൾക്കാണ് പലപ്പോഴും മേൽക്കൈ ലഭിക്കാറുള്ളത് (ജോസഫ് കെ ജോബ് 2015: 390).

കേരളത്തിലെ ആദിവാസിഭാഷകൾ മലയാളത്തിൽ നിന്ന് വ്യത്യസ്തമായ പ്രത്യേക ഭാഷകളാണോ അതോ മലയാളത്തിന്റെയും മറ്റേതെങ്കിലും

ദ്രാവിഡഭാഷകളുടെയും ഭാഷാഭേദമാണോ എന്ന പ്രസക്തമായ ചോദ്യം എസ് ഭട്ടാചാര്യ 1976-ൽ തന്നെ ഉന്നയിക്കുന്നതു കാണാം. പ്രത്യേകഭാഷകളായി പരിഗണിക്കപ്പെടാവുന്ന ആദിവാസിഭാഷകളൊന്നും കേരളത്തിലില്ലെന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്. ഇന്ത്യയിൽ ആദിവാസിഭാഷകളെക്കുറിച്ച് പഠനങ്ങൾ തുടങ്ങിയ കാലത്താണ് അദ്ദേഹം അങ്ങനെയൊരു അഭിപ്രായം പുറപ്പെടുവിച്ചതെന്ന് ആശ്വസിക്കാം. 1980 കളിലും 90 കളിലും കേരള സർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗത്തിൽ ആദിവാസി ഭാഷകളെക്കുറിച്ച് വിശദപഠനങ്ങൾ ഉണ്ടാകുന്നുണ്ട്. പണിയർ, അടിയർ, കാട്ടുനായ്ക്കർ, മുള്ളക്കുറുമ്പർ, കാണിക്കാർ, കരവഴി പുലയർ, കുറുമ്പർ, മുതുവർ, പള്ളിയർ, പതിനായ്ക്കർ, ഊരാളിക്കുറുമർ, മലവേടർ, തച്ചനാടൻ മൂപ്പർ, ഇരുളർ, കുറിച്യർ തുടങ്ങിയ 22 ആദിവാസി വിഭാഗക്കാരുടെ ഭാഷകളെക്കുറിച്ച് പഠനങ്ങളുണ്ടായിട്ടുള്ളതായി രാജേന്ദ്രൻ, എൻ (2006: 28) രേഖപ്പെടുത്തുന്നു.

വരമൊഴിയായി രൂപപ്പെട്ടിട്ടില്ലാത്ത, വാമൊഴിയായി മാത്രം നിലനിൽക്കുന്ന ഭാഷകളാണ് ഇവയെല്ലാം. വിവരണാത്മകപഠനങ്ങളോ അംശപഠനങ്ങളോ മാത്രമാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. ചുരുക്കം ചില സാമൂഹിക ഭാഷാശാസ്ത്രപഠനങ്ങളും ഉണ്ടായിട്ടുണ്ട്. കേരളത്തിലെ എല്ലാ ആദിവാസിവിഭാഗക്കാർക്കും അവരുടെ തനതായ ഭാഷകളുണ്ട് എന്നാണ് ഈ പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. ഒന്നിലധികം വിഭാഗക്കാർ ഒരേ മൊഴിഭേദം സംസാരിക്കുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെക്കൻ കേരളത്തിലെ മലയുള്ളാടർ, മലക്കുറവൻ, മലയരയർ, മലപ്പുലയർ, മല അടിയർ എന്നീ വിഭാഗക്കാർ ഒരേ മൊഴിഭേദം തന്നെയാണ് സംസാരിക്കുന്നതെന്ന് രാജേന്ദ്രൻ (2006:79) ചൂണ്ടിക്കാട്ടുന്നുണ്ട്. അട്ടപ്പാടിയിലെ മുഡുഗരും കുറുമ്പരും ഒരേ ഭാഷ തന്നെയാണ് സംസാരിക്കുന്നതെന്നും അദ്ദേഹം കണ്ടെത്തുന്നു. ആദിവാസി വിഭാഗങ്ങളുടെ എണ്ണവും ആദിവാസി വിഭാഗക്കാർ സംസാരിക്കുന്ന ഭാഷകളുടെ എണ്ണവും പൊരുത്തപ്പെടണമെന്നില്ല എന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ഒരേ വിഭാഗക്കാർ തന്നെ പല പേരുകളിൽ അറിയപ്പെടുന്ന സാഹചര്യവുമുണ്ട്.

## ആസൂത്രണത്തിന്റെ വിവിധ തലങ്ങൾ

നിശ്ചിതമായ ലക്ഷ്യങ്ങളോടെ ഒരു രാഷ്ട്രീയസംവിധാനത്തിനകത്ത് ഭാഷയെ/ഭാഷകളെ സംബന്ധിച്ച നയരൂപീകരണം നടത്തുന്ന പ്രവർത്തനങ്ങളെയാണ് ഭാഷാസൂത്രണം എന്നു വിളിക്കുന്നത്. വിദ്യാഭ്യാസത്തിലും ഭരണ-നിയമതലത്തിലും ഭാഷയുടെ ഉപയോഗം എന്തെന്ന് പരിശോധിക്കുകയും അതിനുള്ള

പദ്ധതികളും തന്ത്രങ്ങളും ആവിഷ്കരിക്കുകയും ചെയ്യുക എന്നതാണ് ഭാഷാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷാസൂത്രണത്തെ പ്രധാനമായും രണ്ടായിട്ടാണ് ആദ്യകാലപഠനങ്ങളിൽ വിഭജിച്ചിരുന്നത്. ഭാഷകളുടെ ആന്തരികതലത്തിലുള്ള ആസൂത്രണം(Corpus planning), ഭാഷാസ്ഥിതിയുടെ അടിസ്ഥാനത്തിലുള്ള ആസൂത്രണം(Status planning) എന്നിവയാണത്. എന്നാൽ, ഇതിനു പുറമെ ഭാഷാർജ്ജനാസൂത്രണം (Acquisition planning), മനോഭാവാസൂത്രണം (Attitude plannning) എന്നീ രണ്ട് തരം ആസൂത്രണങ്ങൾ കൂടി ഇന്ന് സജീവമായി ചർച്ചചെയ്യപ്പെടുന്നുണ്ട്. ഇപ്പറഞ്ഞ തരത്തിലുള്ള എല്ലാവിധ ആസൂത്രണങ്ങളും ഇവിടുത്തെ ആദിവാസിഭാഷകൾക്ക് ആവശ്യമാണ്.

കേരളത്തിന്റെ ഭാഷാസാഹചര്യത്തിൽ, വ്യത്യസ്ത ഭാഷകൾക്ക് മുൻഗണനാക്രമം കൊടുക്കേണ്ടതെങ്ങനെ എന്നതാണ് ഭാഷാസൂത്രണത്തിലെ പ്രാഥമികമായ പ്രശ്നം. വംശനാശഭീഷണിയടക്കമുള്ള പല പ്രശ്നങ്ങളും നമ്മുടെ ഗോത്രഭാഷകൾ നേരിടുന്നുണ്ട്. തദ്ദേശീയ ജനതയുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട്, ഭാഷ ഉപയോഗിക്കാനും അനന്തര തലമുറകളിലേക്ക് വ്യാപിപ്പിക്കാനുമുള്ള അവകാശം അനുവദിക്കപ്പെട്ടിട്ടുണ്ട്. ഭാഷകരുടെ അവകാശങ്ങൾ നിലനിർത്താനും ഭാഷ എന്ന സാമൂഹിക മൂലധനത്തെ സംരക്ഷിക്കാനുമുള്ള വഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

## എൽ.വി.ഇ. റിപ്പോർട്ടും ഗോത്രമൊഴികളും

ഒരു ഭാഷ, ജീവൽ ഭാഷയായി നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കുന്നതിനുള്ള ഒൻപത് മാനദണ്ഡങ്ങളെക്കുറിച്ച് 'ഭാഷയുടെ ഉയിരും നാശോന്മുഖതയും' (Language vitality and Endangerment) എന്ന പേരിൽ യുനെസ്കോ പുറത്തിറക്കിയ രേഖ(എൽ വി ഇ റിപ്പോർട്ട്)യിൽ പറയുന്നുണ്ട്. നാശഭീഷണി നേരിടുന്ന ഭാഷകൾ കണ്ടെത്തി രക്ഷപ്പെടുത്തുന്നതിനായി നിർദേശിക്കപ്പെട്ടിട്ടുള്ള ഈ മാനദണ്ഡങ്ങൾ വച്ചുകൊണ്ട് കേരളത്തിലെ ആദിവാസിഭാഷകളെയെല്ലാം പരിശോധിക്കേണ്ടത് ഭാഷാസൂത്രണത്തിലെ പ്രധാനപ്പെട്ട നടപടിക്രമമാണ്. ഒരു ഭാഷണസമൂഹം അവരുടെ ഭാഷയുടെ ഉപയോഗം പാടെ നിർത്തുമ്പോഴോ ആശയവിനിമയത്തിന്റെ ചുരുക്കം സംഭവിച്ച് ചില തലങ്ങളിൽ മാത്രമായി ഭാഷയുടെ ഉപയോഗം പരിമിതപ്പെടുമ്പോഴോ അനന്തരതലമുറകളിലേക്ക് ഭാഷ കൈമാറ്റം ചെയ്യപ്പെടാതിരിക്കുമ്പോഴോ ആ ഭാഷ നാശോന്മുഖമായി എന്നു പറയാം (Balasubrahmanian 2017: 93) ഭാഷകരുടെ എണ്ണം, മൊത്തം

ജനസംഖ്യക്കകത്ത് ഭാഷണസമൂഹത്തിലെ അംഗങ്ങളുടെ സ്ഥിതി, ഭാഷോപയോഗതലങ്ങളിലുള്ള മാറ്റം, ആധുനിക ഭാഷോപയോഗതലങ്ങളോടും മാധ്യമങ്ങളോടുമുള്ള പ്രതികരണം, സാക്ഷരതയ്ക്കുള്ള സംവിധാനങ്ങൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെ ഭാഷാമനോഭാവം, ഭാഷണസമൂഹത്തിലെ അംഗങ്ങൾക്ക് അവരുടെ ഭാഷയോടുള്ള മനോഭാവം, സ്ഥിതിവിവരകണക്കുകളുടെ തരവും ഗുണവും എന്നിവയെല്ലാം കൃത്യമായി പരിശോധിക്കപ്പെടണമെന്നാണ് യുനെസ്കോ നിർദേശിച്ചിരിക്കുന്നത്.

### വർഗ്ഗീകരണവും കുടുംബവൃക്ഷപരികല്പനയും

ആദിവാസിഭാഷകളുടെ ജൈവബന്ധം വ്യക്തമാക്കപ്പെടുന്ന തരത്തിൽ കുടുംബവൃക്ഷപരികല്പനയുടെ അടിസ്ഥാനത്തിലുള്ള ചിത്രണവും വർഗ്ഗീകരണവുമാണ് ആദിവാസിഭാഷകളുടെ ഭാഷാസൂത്രണത്തിലെ അടുത്തഘട്ടം. സമഗ്രവും സമ്പൂർണ്ണവുമായ വിവരണാത്മകപഠനങ്ങൾ, അതിന്റെ അടിസ്ഥാനത്തിൽ സാധ്യമാകുന്ന ചരിത്രാത്മകപഠനങ്ങൾ, ഭാഷാഘടന, ഭാഷയുടെ പ്രയോഗം, വംശീയ ഭാഷാശാസ്ത്രപഠനങ്ങൾ, പ്രദേശത്തിന്റ സാമൂഹിക ഭാഷാശാസ്ത്ര പഠനങ്ങൾ, എന്നിവയെല്ലാം ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു. ഭാഷകളുടെ സംരക്ഷണം ആവശ്യമുണ്ടെങ്കിൽ അത് എങ്ങനെയൊക്കെ ചെയ്യാമെന്ന കാര്യവും ചർച്ചാവിഷയമാക്കേണ്ടതുണ്ട്. ഇതെല്ലാം ശരിയായ ഭാഷാനയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാധ്യമാകൂ.

ഭാഷാസൂത്രണത്തിൽ രണ്ടുതരം സമീപനങ്ങൾ സംഗതമായി വരാറുണ്ട്. ഏക ഭാഷാസമീപനവും ബഹുഭാഷാസമീപനവും. ആദിവാസിഭാഷകളുടെ ഭാഷാസൂത്രണം ബഹുഭാഷാസമീപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടേണ്ടതാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചതിനു ശേഷമാണ് ആദിവാസി ഭാഷകളുടെ സ്ഥിതി കൂടുതൽ പരുങ്ങലിലായത്. സംസ്ഥാനാതിർത്തികൾ ആദിവാസിഭാഷകളെയോ ആദിവാസിമേഖലകളെയോ പരിഗണിച്ചു കൊണ്ടായിരുന്നില്ല തീരുമാനിക്കപ്പെട്ടത്. മറ്റു പല കാര്യങ്ങളിലുമെന്നപോലെ ഭാഷാകാര്യത്തിലും ആദിവാസിസമൂഹങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ടു.

ആദിവാസിവാസകേന്ദ്രങ്ങളെ പല സംസ്ഥാനങ്ങളിലായി വേർതിരിക്കുന്നതിന് ഒരു യുക്തിയുമില്ല. പക്ഷേ സംഭവിച്ചതതാണ്. അടുത്തബന്ധത്തിൽ പെട്ടവരും ഒരേ ഭാഷ/ഭാഷാഭേദം സംസാരിക്കുന്നവരുമായ നിരവധി പേർ ഇരുസംസ്ഥാനങ്ങളിലെ ജനസംഖ്യാകണക്കുകളിൽ പെട്ടു. അങ്ങനെയാണ് ഒരേ വിഭാഗക്കാർ തമിഴ് നാട്ടിലും കേരളത്തിലും

വരുന്നതായി കണക്കുകളുണ്ടാകുന്നത്. തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും കേരളത്തിലെ വയനാട് ജില്ലയിലും പണിയവിഭാഗക്കാരുണ്ടെന്നു കരുതി രണ്ടു മേഖലകളിലെയും പണിയഭാഷയെ വേർതിരിച്ച് പഠിച്ചാണ് വിവരണാത്മക പഠനമുണ്ടായിട്ടുള്ളതെന്ന് വേണുഗോപാലപ്പണിക്കർ നിരീക്ഷിക്കുന്നുണ്ട് (1989: 65). ഇത്തരത്തിൽ സംസ്ഥാനാതിർത്തി സങ്കല്പങ്ങളെ മറികടന്നു വേണം ആദിവാസിഭാഷകളെക്കുറിച്ച് പഠിക്കേണ്ടതെന്നും പ്രദേശങ്ങളെ ഭാഷാസംക്രമണമേഖലകളായി തിരിച്ചു കൊണ്ടായിരിക്കണം പഠനങ്ങൾ നടത്തേണ്ടതെന്നും ഭാഷാപണ്ഡിതരും വ്യക്തമാക്കിയിട്ടുള്ളതാണ്. പക്ഷേ, കാര്യങ്ങൾ ഇപ്പോഴും നിന്നിടത്തുതന്നെയാണെന്നു മാത്രം.

### ഭാഷാപരിസ്ഥിതിയെന്ന യാഥാർത്ഥ്യം

പരിസ്ഥിതി, ജീവജാലങ്ങളുടെ പരസ്പരബന്ധം, ജൈവലോകത്തിന്റെ വൈവിധ്യം എന്നീ പാരിസ്ഥിതികമായ പരികല്പനകളെ ഭാഷാശാസ്ത്രത്തിൽ പ്രയോജനപ്പെടുത്തിയതിന്റെ ഫലമാണ് പരിസ്ഥിതിഭാഷാശാസ്ത്രം അഥവാ ഹരിതഭാഷാശാസ്ത്രം. ഭാഷയിലെ മനുഷ്യമാത്രപക്ഷവും പ്രകൃതിവിരുദ്ധവുമായ ഘടകങ്ങളെ കണ്ടെത്തുകയും അവയെ കരുതലോടെ മാത്രം പ്രയോഗിക്കാൻ ശ്രമിക്കുകയും ചെയ്യാനുള്ള ആഹ്വാനമാണത് മുന്നോട്ടു വയ്ക്കുന്നത്. ആൽഫിൻ ഫില്ലും മ്യൂൾ ഹാസ്ലറും എഡിറ്റു ചെയ്ത The Eco Linguistic Reader-ൽ വിഷയത്തിന്റെ സമീപന രീതികൾ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഭാഷകളിൽ നിലീനമായിരിക്കുന്ന പാരിസ്ഥിതികാവബോധം കണ്ടെത്തുന്നതിനായി പ്രാദേശിക ഭാഷകളും നാട്ടുമൊഴികളും ഗോത്രമൊഴികളുമൊക്കെ സൂക്ഷ്മപഠനത്തിന് വിധേയമാകണമെന്ന ആശയമാണ് ഇതിലുള്ളത്. ഭാഷാവൈവിധ്യങ്ങളെ ജൈവവൈവിധ്യം പോലെ അംഗീകരിക്കണമെന്ന കാഴ്ചപ്പാട് ഈ സമീപനം മുന്നോട്ടുവയ്ക്കുന്നുണ്ട്. ഭാഷാപരിസ്ഥിതിയും ഭാഷാവൈവിധ്യവും അംഗീകരിച്ചാൽ എല്ലാ ആദിവാസിവിഭാഗത്തിനും സവിശേഷവും അനന്യവുമായ മൊഴിരൂപങ്ങളുണ്ടെന്നും അവയിലെല്ലാം സൂക്ഷ്മമായ അനുഭവങ്ങളുള്ളവയാണെന്നും ആ സാംസ്കാരിക പ്രത്യേകതകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നും വ്യക്തമാകും. അത്തരമൊരു സമീപനം സ്വീകരിച്ചുകഴിഞ്ഞാൽ 'മലയാളത്തിന്റെ ഭാഷാഭേദമാണിത്'' 'തമിഴിന്റെയും കന്നടയുടെയും സങ്കരരൂപമാണിത്', എന്നൊക്കെയുള്ള വികലധാരണകളും വിലയിരുത്തലുകളും തിരുത്താൻ അതു സഹായകമാകും.

## മനോഭാവാസൂത്രണവും ഭാഷാർജ്ജനാസൂത്രണവും

ഒരു ഭാഷയെ അതിന്റെ പിന്നോക്കാവസ്ഥയിൽ നിന്ന് രക്ഷപെടുത്തിക്കൊണ്ട് കൂടുതൽ പ്രചരിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങളെയാണ് ഭാഷാർജ്ജനാസൂത്രണം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. വംശനാശഭീഷണി നേരിടുന്ന, ഇവിടുത്തെ ഗോത്രഭാഷകൾക്ക് മാന്യമായ പരിഗണനയും ആ ഭാഷകളുടെ അഭിവൃദ്ധിക്കു വേണ്ട സാഹചര്യവും ഒരുക്കിക്കൊടുക്കുന്നത് ഭാഷാർജ്ജനാസൂത്രണത്തിന്റെ ഭാഗമാണ്. അനന്തര തലമുറകളിലേയ്ക്ക് സംക്രമിക്കാതെ ഒരു ഭാഷ നിശ്ചലമായി പോകുന്നുണ്ടെങ്കിൽ അതിനുള്ള പരിഹാരങ്ങൾ ആരായുന്നതും നടപ്പിലാക്കുന്നതും ഭാഷാർജ്ജനാസൂത്രണത്തിന്റെ ഭാഗം തന്നെ. നാശോന്മുഖമായ ഭാഷകളെ സംരക്ഷിക്കുന്നതിന് 'ഭാഷാസംരക്ഷണ സമിതികൾ' രൂപപ്പെടുത്തുന്നതും ഭാഷാർജ്ജനാസൂത്രണത്തെ ത്വരിതപ്പെടുത്തും. സംസ്ഥാനങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം മുഖ്യധാരാ ഭാഷകളിലാണ് എന്ന് വരികിലും ദ്വിഭാഷിത്വരീതിയിൽ ആദ്യം ഗോത്രഭാഷ പിന്നീട് സ്വാഭാവികമായി മുഖ്യധാരാ ഭാഷ എന്ന ഒരു ക്രമം നിലനിർത്താവുന്നതാണ്.

കോർപസ്, സ്റ്റാറ്റസ്, അക്വിസിഷൻ എന്നീ മൂന്നുതരത്തിലുള്ള ആസൂത്രണത്തെയുംചൂഴ്ന്നുനിൽക്കുന്ന ആസൂത്രണമാണ് മനോഭാവാസൂത്രണം. ഭാഷാസൂത്രണത്തിന്റെ സൂക്ഷ്മതലമാണിത്. ഈ ആസൂത്രണം ബോധപൂർവമോ അല്ലാതെയോ ആകാം. ഒരർഥത്തിൽ മറ്റെല്ലാ ഭാഷാസൂത്രണങ്ങളെയും നയിക്കേണ്ടത് ഇതു തന്നെയാണ്. ഭരണ കർത്താക്കളുടെയും നയരൂപീകരണം നടത്തുന്നവരുടെയും ഗോത്രഭാഷകൾ സംസാരിക്കുന്നവരുടെയും ഗോത്രേതര ഭാഷകൾ സംസാരിക്കുന്നവരുടെയും മനോഭാവത്തിലുണ്ടാകേണ്ട മാറ്റത്തെയാണ് ഇത് ലക്ഷ്യമിടുന്നത്. ഭാഷാസൂത്രണത്തിന്റെ ആധാരശിലയും ഇതു തന്നെ. ഭാഷാനയവും ഭാഷാമനോഭാവവും യോജിപ്പിച്ചുകൊണ്ട് ഭാഷയുടെ വികാസപരിണാമങ്ങളിലുള്ള ഇടപെടലുകൾ നടത്തുന്നതാണ് ഇതെന്നു കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

## സാങ്കേതികവിദ്യയും ആസൂത്രണവും

ഏതൊരു ഭാഷയുടെയും നിലനില്പ് സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. സാങ്കേതികവിദ്യയെന്നാൽ അത്യാധുനിക സാങ്കേതികവിദ്യയെന്നു മാത്രമല്ല ഉദ്ദേശിക്കുന്നത്. വാമൊഴിയിൽനിന്ന് വരമൊഴിയിലേയ്ക്കു കടക്കുന്ന എഴുത്തുവിദ്യ, അച്ചടി, ലിപിസമ്പ്രദായം എന്നീ പ്രാഥമിക സാങ്കേതികവിദ്യകളും ഇതിൽ പെടും. വാമൊഴി രൂപത്തിലാണെങ്കിലും

ഭാഷയെ രേഖപ്പെടുത്തി വയ്ക്കാനാകുന്ന ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഇന്നു ലഭ്യമാണ്. മൾട്ടിമീഡിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചു കൊണ്ട് ഡോക്യുമെന്ററികൾ, ചലച്ചിത്രങ്ങൾ, ടി വി പ്രോഗ്രാമുകൾ, ഓഡിയോ ഗ്രന്ഥങ്ങൾ എന്നിവയൊക്കെ ചെയ്യാവുന്നതാണ്. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചു കൊണ്ട് വ്യാകരണം, നിഘണ്ടു, മറ്റ് ഭാഷാ പഠനോപാധികൾ, പാഠപുസ്തകങ്ങൾ എന്നിങ്ങനെയുള്ള സാധ്യതകളും അന്വേഷിക്കാവുന്നതാണ്. ഗോത്രഭാഷകളിൽ ചലച്ചിത്രങ്ങൾ നിർമ്മിച്ച് സബ് ടൈറ്റിലുകളോടുകൂടി പ്രദർശിപ്പിക്കുന്നതായി കണ്ടിട്ടുണ്ട്. ഇത് ഈ ദിശയിലുള്ള നല്ല മുന്നേറ്റമാണ്.

### ന്യൂനപക്ഷഭാഷകളും മലയാളവും

കേരളത്തിന്റെ സംസ്ഥാനാതിർത്തിയിൽ വരുന്ന ഗോത്രഭാഷകളടക്കമുള്ള ന്യൂനപക്ഷ ഭാഷകളെയും സംസ്ഥാനത്തിന്റെ ഭരണഭാഷയായി മലയാളത്തെയും ഇവിടെ ഉപയോഗിക്കപ്പെടുന്ന മറ്റു ഭാഷകളെയും ഒരുമിച്ചു പരിഗണിച്ചുകൊണ്ടുള്ള ഒരു ഭാഷനയവും ഭാഷാസൂത്രണവും എങ്ങനെ സാധ്യമാകും എന്നതാണ് നാം ആലോചിക്കേണ്ട വിഷയം. ഭാഷാപരമായ അധിനിവേശത്തിന് പല തലങ്ങളുണ്ട്. ഒരുഭാഗത്ത് ഇംഗ്ലീഷ്, ഹിന്ദി പോലെയുള്ള ഭാഷകൾ മലയാളം പോലെയുള്ള ഭാഷകളുടെ മേൽ ആധിപത്യം നേടാൻ ശ്രമിക്കുമ്പോൾ, ഗോത്രഭാഷകൾ അടക്കമുള്ള ന്യൂനപക്ഷഭാഷകളുടെ മേൽ മലയാളം നടത്തുന്ന അധിനിവേശം കാണാതിരിക്കുന്നതിൽ അർത്ഥമില്ല. കേരളത്തിലെ ഗോത്രഭാഷകൾക്കും മറ്റു ന്യൂനപക്ഷഭാഷകൾക്കും അർഹമായ പരിഗണന നൽകുന്ന കാര്യത്തിൽ എത്രത്തോളം ആത്മാർത്ഥമായ സമീപനം ഉണ്ടായിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. മാതൃഭാഷാവകാശത്തിനുവേണ്ടി ഇവിടെ നടക്കുന്ന ഭാഷാസമരങ്ങൾ മലയാളത്തിലേക്ക് മാത്രം പരിമിതപ്പെട്ടുപോയിട്ടുണ്ട്. വിശാലാർത്ഥത്തിലുള്ള മാതൃഭാഷാ അവകാശസമരമായി അവ ഇതുവരെ രൂപാന്തരം പ്രാപിച്ചിട്ടില്ല. കേരളത്തിൽ ഇപ്പോഴും ഭാഷാന്യൂനപക്ഷം എന്ന പരിഗണന കിട്ടിയിരിക്കുന്നത് തമിഴിനും കന്നടയ്ക്കും മാത്രമാണ്. കേരള സംസ്ഥാനാതിർത്തിയിൽ ഗോത്രഭാഷകൾക്കോ തുളു, ബ്യാരി, കൊങ്കണി, ഗുജറാത്തി, മറാത്തി, തെലുങ്ക്, ഒറിയ, ബംഗാളി, അസാമീസ് എന്നീ ഭാഷകൾക്കോ ഒന്നിനും ഇവിടെ ന്യൂനപക്ഷ ഭാഷകളുടെ പരിഗണന നൽകപെട്ടിട്ടില്ല. ഈ ഭാഷക്കാരുടെയൊന്നും ജനാധിപത്യ അവകാശങ്ങളും ഭാഷാവകാശങ്ങളും നിവർത്തിച്ചുകിട്ടി യെന്നും പറയാനാകില്ല. മാതൃഭാഷയ്ക്കു വേണ്ടി കേരളത്തിൽ നടത്തപ്പെടുന്ന സമരങ്ങൾ ഗോത്രഭാഷകളടക്കമുള്ള മറ്റു ന്യൂനപക്ഷ ഭാഷകളെ മറന്നുകൊണ്ടാവരുത്. ഗോത്രഭാഷകളോ മറ്റു

ന്യൂനപക്ഷ ഭാഷകളോ പഠിക്കുന്നവർ ഭാഷാപഠനത്തിന്റെ അമിതഭാരമാണ് പേറേണ്ടിവരുന്നത്. ആധുനികലോകവുമായി പൊരുത്തപ്പെടാനും ജീവിതവിജയം കൈവരിക്കാനും ഈ ഭാഷാവിഭാഗങ്ങളിൽ പെട്ടവർ പല ഭാഷകൾ പഠിക്കാൻ നിർബന്ധിതരാവുകയും അതിനാൽത്തന്നെ പലപ്പോഴും പിന്നിലായിപ്പോവുകയും ചെയ്യും.

### ഉപസംഹാരം

ആദിവാസിഭാഷകളുടെ ആസൂത്രണത്തിന്റെ ആദ്യപടി ആ ഭാഷകളുടെ ഉയിരും ഉശിരും നിലനിർത്തുക എന്നതു തന്നെയാണ്. ഭാഷാമരണത്തിൽ നിന്നും വംശനാശഭീഷണിയിൽനിന്നും അത്തരം ഭാഷകളെ രക്ഷപെടുത്തുക എന്നതു തന്നെയാവണം അടിയന്തരപ്രധാന്യത്തോടെ ചെയ്യേണ്ട കാര്യം. ഔപചാരികമായി സംസ്ഥാനസർക്കാരും അനൗപചാരികമായി ഗവേഷകരും ചെയ്യേണ്ടതാണ് ഇക്കാര്യം. വിശാലാർത്ഥത്തിൽ ഭാഷാവൈവിധ്യത്തെ അംഗീകരിക്കുമ്പോൾ മാത്രമേ ഇത് സാധിക്കുകയുള്ളു. അതിലൂടെ ആദിവാസിമേഖലയിലെ പൗരരുടെ അവകാശങ്ങളിൽ ഒന്ന് സ്ഥാപിച്ചു കിട്ടുകയാണ് ചെയ്യുന്നത്. തിരിച്ചു പറഞ്ഞാൽ, ന്യൂനപക്ഷ-ആദിവാസി ഭാഷകൾക്ക് നിലനിൽപ്പിനായുള്ള ആസൂത്രണം വിശാലാർത്ഥത്തിൽ ഭാഷ വൈവിധ്യത്തെ അംഗീകരിക്കുന്നതിന് തുല്യമാണ്. ആദിവാസി/ന്യൂനപക്ഷ ഭാഷകളുടെ മാനകീകരണം, ആദിവാസി ഭാഷകളിൽ കൂടിയുള്ള വിദ്യാഭ്യാസം, മീഡിയ, ഭരണനിർവഹണത്തിലുള്ള പങ്കാളിത്തം എന്നിവയെല്ലാം ഇവിടെ പ്രസക്തമായ വിഷയങ്ങളാണ്.

ഗോത്രജനവിഭാഗങ്ങളുടെ ജീവിതം പോലെതന്നെ ആ ജനവിഭാഗങ്ങൾ സംസാരിക്കുന്ന ഭാഷയും പാർശ്വങ്ങളിലാണ്, അരികുകളിലാണ് എന്നതാണ് ഓർക്കേണ്ട കാര്യം. മുഖ്യധാരാജീവിതത്തിൽ ഇടമില്ലാതെ, ഭൂമിയില്ലാതെ, ജീവിക്കാൻ മറ്റു മാർഗങ്ങളില്ലാതെ കഷ്ടപ്പെടുന്ന മനുഷ്യരുടെ ജീവിക്കാനുള്ള അവകാശത്തോടൊപ്പം ഭാഷ നിലനിർത്തുന്നതിനുള്ള അവകാശവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

### സഹായകഗ്രന്ഥസൂചി

1. Ager, Dennis (2001) Motivation in Language Planning and Policy, UK: Multilingual Matters.

2. Alisjahbana, Takdir. S (1976) Language Planning for Modernization: The case of Indonesian and Malaysian, The Hague: Mouton.

3. Annamalai E , Bjorn Jerudd and Joan Rubin (1986) Language Planning Proceedings of an Institute, Mysore: Central Institute of Indian Languages.

4. Balasubrahmaian G (2017) Reflections on Applied Linguistics, New Delhi: Excel India Publications.

5. Bayer, Jennifer Marie (1986) Dynamics of Language Maintenance among Linguistic Minorities: A Sociolinguistic Investigation of the Tamil Communities in Bangalore, Mysore: CIIL.

6. Bhattacharya S (1967) The Tribal languages of South Kerala, Thiruvnathapuram : DLA.

7. Cobarrubias, J. & Fishman, J. Eds.(1983) Progress in Language Planning: International Perspectives, Berlin: Mouton.

8. Cooper.L, Robert (1989) Language Planning and Social Change, Cambridge: Cambridge University Press.

9. Dua, Hans. R(1985) Language Planning in India, New Delhi: Hamam.

10. Dua, Hans R( 1986) Language Use, Attitude and Identity among Linguistic Minorities, Mysore: Central Institute of Indian Languages.

11. Dua, Hans.R (1996) 'The Politics of Language Conflict: Implications for Language Planning and Political Theory'. Language Problems & Language Planning. Vol.20. No.l, (Spring, 1996) : 1-17.

12. Eastman, Carol M (1983) Language Planning: An Introduction, Sanfancisco: Chandler and Sharp Publisher, Inc.

13. Fill, Alwin and Peter Mihlhausler (Eds.) (2001)The Ecolinguistics Reader: Language Ecology and Environment, London : Continuum

14. Joseph.E, John(2004) Language and Identity: National, Ethnic, Religious, Great Britain: Macmillan.

15. Kaplan B. Robert and Richard B.Baldauf (1997) Language Planning: From Practice to Theory, Clevedon: Multilingual Matters.

16. Karimnia, Amin and Ali Fayyazi (2006) "Language Planning and Standardization". Language Forum . Vol.32. No. 1-2 (2006): 109-116

17. Kennedy, Chris. Ed.(1984) Language Planning and Language Education, London: George Allen & Unwin,.

18. Khubchandani, Lachman M (1981) Language Education Social Justice, Poona: Centre for Communication Studies.

19. Khubchandani, Lachman M (1983) Plural Languages, Plural Cultures, Hawaii: University of Hawaii Press

20. Khubchandani, Lachman M (1997) Revisulaizing Boundaries: A Plurilingual Ethos, New Delhi: Sage.

21. King D, Robert (1997) Nehru and the Language Politics of India, Delhi: Oxford University Press.

22. Kluyev.I, Boris (1981) India: National and Language Problem, New Delhi: Sterling Publishers.

23. Koul N. Omkar and P.Umarani. Eds.(2001) Sociolinguistics and Language Education, New Delhi: Creative Books.

24. Mackey, William.F (1989) Determining the Status and Function of Languages in Multinational Societies, Berlin: Walter de Gruyter.

25. Muhlhausler, P. Eds (2001)The Ecolinguistics Reader: Language, Ecology and Environment, London: Continuum.

26. Pattanayak D P (2001) Multilingualism and Mother Tongue Education, Delhi: Oxford University Press.

27. Ranjendran N (1986) Muduga language, Quilon: Ennes Publications.

28. Ricento, Thomas. Ed.(2006) An Introduction to Language Policy: Theory and Method, USA: Blackwell.

29. Ricento, Thomas. Ed. (2000) Ideology, Politics and Language Policies: Focus on English, Amsterdam: John Benjamin Publishing Company.

30. Sasisekaran, T (2009) Language policy and planning in India with special reference to the state of Tamil Nadu, Unpublished Ph D Dissertation, Coimbatore: Bharathiar University.

31. Schiffman F. Harold (1996) Linguistic Culture and Language Policy, London: Routledge.

32. Spolsky, Bernard (2004) Language Policy, Cambridge: Cambridge University Press.

33. Wardhaugh, Ronald (1992) An Introduction to SocioLinguistics, USA: Blackwell.

34. Wright, Sue (2004) Language Policy and Language Planning, Newyork : Macmillan.

35. ജോസഫ് കെ ജോബ്(2016) 'ഗോത്രമലയാളം ചില വീണ്ടുവിചാരങ്ങൾ' മലയാളം തായ് വേരുകൾ , പുതുനാമ്പുകൾ, ഡോ പി എം ഗിരീഷ്, ഡോ സി ജി രാജേന്ദ്രബാബു (എഡി.) ചെന്നൈ: ദക്ഷിണ.

36. പത്മിനി പി ജി (2008) കീഴാള ജീവിതമുദ്രകൾ, കണ്ണൂർ: സമയം പബ്ലിക്കേഷൻസ്

37. വേലപ്പൻ കെ (1984) ആദിവാസികളും ആദിവാസി ഭാഷകളും, തിരുവനന്തപുരം:കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.

38. വേണുഗോപാലപ്പണിക്കർ (2006 'കേരളത്തിലെ ആദിവാസി ഭാഷാപഠനങ്ങൾ' (1986ൽ വിജ്ഞാനകൈരളിയിൽ പ്രസിദ്ധീകരിച്ച ലേഖനം) ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

39. ശ്രീനാഥൻ എം (2019) 'ആദിവാസിഭാഷ' ഏ എം ഉണ്ണികൃഷ്ണൻ (എഡി.) മലയാള ഭാഷാപഠനങ്ങൾ, കോട്ടയം: കറന്റ് ബുക്സ്

40. രാജേന്ദ്രൻ എൻ. ( 2006) 'ആദിവാസിഭാഷകൾ' ഗോപിനാഥൻ നായർ എൻ (എഡി.) ഭാഷയും സമൂഹവും- ഭാഷാശാസ്ത്രപഠനങ്ങൾ, തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല

41. സോമശേഖരൻ നായർ (1980) പണിയഭാഷ, കോട്ടയം: എൻ ബി എസ്

*josephkjob4u@gmail.com*